**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 896** 30.10.2019-ലെ മറുപടിയ്ക്ക്

**അമ്പൂരി പുരവിമല ആദിവാസി കോളനി റോഡ് നവീകരണം**

**ചോദ്യം**

**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**

**അഡ്വ. ശ്രീ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അമ്പൂരി പുരവിമല ആദിവാസി കോളനിയെ പുറം ലോകവുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നവീകരണത്തിനായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടും വനം വകുപ്പ് തടസ്സം നിൽക്കുന്നത് കാരണം റോഡിന്റെ നിർമ്മാണം നീണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബഹു. പ്രധാന മന്ത്രിയുടെ സഡക് യോജന പദ്ധതി പ്രകാരം ബിറ്റുമിൻ കോൾഡ് മിക്സ് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുള്ള കമ്പിച്ചാൽ കടവ് ചാക്കപ്പാറ - പുരവിമല റോഡ് കടന്നു പോകുന്നത് നെയ്യാർ വന്യജീവി സങ്കേതത്തിലൂടെയാണ്. പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് വന്യജീവി (സംരക്ഷണ) നിയമം 1972 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കി റോഡ് പണി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുമോ; വിശദമാക്കാമോ? | (ബി) | വൈൽഡ് ലൈഫ് ക്ലിയറൻസിനുവേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**